(സി) ഈ പണം ഉപയോഗിച്ച് ഓരോ ഗ്രാമപഞ്ചായത്തിനും ഓരോ വർഷവും നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണ് ഓരോ പദ്ധതിക്കും എത്ര രൂപ വീതമാണ് ചെലവഴിച്ചതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

ലോക്കൽ ബോഡികളുടെ വരവ് ചെലവ് കണക്കുകൾ ആഡിറ്റ് ചെയ്യാൻ നടപടി

107 (505) ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. കെ. സുധാകരൻ :
ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണം ആരംഭിച്ച 1997-98 വർഷം മുതലുള്ള ലോക്കൽ ബോഡികളുടെ വരവ് ചെലവ് കണക്കുകൾ ആഡിറ്റ് ചെയ്യാൻ തുടങ്ങിയിട്ടുണ്ടോ ;

(ബി) എങ്കിൽ 1997-98-ലെ എത്ര ജില്ലാ പഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകൾ, ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ, ടൗൺ പഞ്ചായത്തുകൾ എന്നിവയുടെ ആഡിറ്റ് പൂർത്തിയാക്കിയെന്ന് വെളിപ്പെടുത്തുമോ ;

(സി) പൂർത്തിയാക്കിയ ആഡിറ്റനുസരിച്ച് ആകെ എത്ര കോടി രൂപയുടെ ചെലവ് ആഡിറ്റ് അംഗീകരിക്കാതെയുണ്ട് ;

(ഡി) പ്രസ്തുത ആഡിറ്റ് പ്രകാരം ആകെ എത്ര കോടി രൂപയുടെ ചെലവുകൾക്ക് വ്യക്തമായ രേഖ കിട്ടാതെയുണ്ട് ;

(ഇ) ഇതനുസരിച്ച് ആകെ എത്ര കോടി രൂപയുടെ ചെലവുകൾക്ക് വ്യക്തമായ പദ്ധതികളില്ലാതെ നടത്തി ;

(എഫ്) ആകെ എത്ര കോടി രൂപ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരിൽ നിന്നും ഈടാക്കണമെന്ന് ആഡിറ്റ് നിർദ്ദേശിച്ചു ;

(ജി) 1997-98 ലെ ആഡിറ്റ് സംബന്ധിച്ച് സമാഹൃത റിപ്പോർട്ട് എന്നത്തേയ്ക്ക് തയ്യാറാകും ?

ഉത്തരം

(എ) 1997-98 വർഷം മുതലുള്ള ലോക്കൽ ബോഡികളുടെ വരവ് ചെലവ് കണക്കുകൾ ആഡിറ്റ് ചെയ്യാൻ തുടങ്ങിയിട്ടുണ്ട്.

(ബി) 1997-98 വർഷത്തിൽ 509 ഗ്രാമപഞ്ചായത്തുകളുടെയും 121 ബ്ലോക്ക് പഞ്ചായത്തുകളുടെയും 7 ജില്ലാ പഞ്ചായത്തുകളുടെയും 17 മുനിസിപ്പാലിറ്റികളുടെയും 3 മുനിസിപ്പൽ കോർപ്പറേഷനുകളുടെയും ലോക്കൽ ഫണ്ട് ആഡിറ്റ് പൂർത്തിയാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി-എഫ്) ആഡിറ്റ് പൂർത്തിയാക്കിയ സ്ഥാപനങ്ങളെ സംബന്ധിച്ച് വിശദവിവരങ്ങൾ തിട്ടപ്പെടുത്തിവരുന്നതേയുള്ളൂ.

(ജി) 1997-98-ലെ സമാഹൃത റിപ്പോർട്ട് 16-11-1999-ൽ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

ചടയമംഗലം മണ്ഡലത്തിലെ ജനകീയാസൂത്രണ പദ്ധതി

108 (506) ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി ചടയമംഗലം മണ്ഡലത്തിലെ പഞ്ചായത്തുകൾക്ക് നാളിതുവരെ എത്ര രൂപ ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

ചടയമംഗലം മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് നാളിതുവരെ ജനകീയാസൂത്രണ പദ്ധതിയിൽ നൽകിയിട്ടുള്ള തുക :

ചിതറ ഗ്രാമപഞ്ചായത്ത്	2,83,63.493 രൂപ.
കടയ്ക്കൽ ഗ്രാമപഞ്ചായത്ത്	3,14,02.516 രൂപ.
ചടയമംഗലം ഗ്രാമപഞ്ചായത്ത്	1,46,77.508 രൂപ.
ഇടിവ ഗ്രാമപഞ്ചായത്ത്	2,32,27.030 രൂപ.
നിലമേൽ ഗ്രാമപഞ്ചായത്ത്	1,05,54.056 രൂപ.
ഇളമാട് ഗ്രാമപഞ്ചായത്ത്	1,53,76.423 രൂപ.

ജനകീയാസൂത്രണ പദ്ധതികളിൽപ്പെടുത്തി പൂർത്തിയാക്കിയ വർക്കുകൾക്ക് കൊടുത്തുത്തീർക്കുവാനുള്ള തുക

109 (507) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണ പദ്ധതികളിൽപ്പെടുത്തി ത്രിതല പഞ്ചായത്തുകളും നഗരപാലികാസ്ഥാപനങ്ങളും നടപ്പാക്കിയതും പണി പൂർത്തിയാക്കിയതുമായ വർക്കുകൾക്ക് ഇനി കൊടുത്തുതീർക്കുവാനുള്ള തുകയെത്ര ;

(ബി) ജനകീയാസൂത്രണ പദ്ധതിൽപ്പെടുത്തി പഞ്ചായത്ത്രാജ് സ്ഥാപനങ്ങളും നഗരപാലികാസ്ഥാപനങ്ങളും ആരംഭിച്ച് പണി പൂർത്തിയാക്കാത്ത വർക്കുകളുടെ ആകെയുള്ള കരാർ തുകയെത്ര ;

(സി) പണമില്ലാത്തതിന്റെ പേരിൽ ജനകീയാസൂത്രണ പദ്ധതിയിൽ പെടുത്തിയ എത്ര തുകയ്ക്കുള്ള പുതിയ വർക്കുകളുടെ പണി പഞ്ചായത്ത്രാജ് സ്ഥാപനങ്ങൾക്കും നഗരപാലികാ സ്ഥാപനങ്ങൾക്കും നടത്താൻ കഴിയാതെ വന്നിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly